**പതിനാലാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.378 — 29.01.2019-ലെ മറുപടിക്ക്

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് | ഡോ. ടി.എം. തോമസ് ഐസക്ക്<br>ധനകാര്യവും കയറും വകുപ്പ് മന്ത്രി |

**അനാവശ്യ ചെലവുകൾ നിയന്ത്രിക്കുന്നതിനായി സ്വീകരിച്ച നടപടികൾ**

| | | |
|---|---|---|
| (എ) | സംസ്ഥാനത്ത് അനാവശ്യ ചെലവുകൾ നിയന്ത്രിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | നികുതി പിരിവ് ഊർജ്ജിതമാക്കിയും ധൂർത്തും അനാവശ്യ ചെലവുകളും ഒഴിവാക്കി ചെലവുകളിൽ മിതത്വം പാലിച്ചും സാമ്പത്തിക അച്ചടക്കം ഉറപ്പ വരുത്തി ധനദൃഢീകരണം സാദ്ധ്യമാക്കുകയെന്നതാണ് സർക്കാർ അനുവർത്തിച്ചുവരുന്ന നയം. ഇതിന്റെ ഭാഗമായി വാഹനങ്ങൾ വാങ്ങുന്നതിനും, പുതിയ ഗ്രാന്റ്-ഇൻ-എയിഡ് സ്ഥാപനങ്ങൾ അനുവദിക്കുന്നതിനും, വിദേശ യാത്രയ്ക്കും, വിമാന യാത്രയ്ക്കും, മൊബൈൽ ഫോൺ ഉപയോഗിക്കുന്നതിനും നിയന്ത്രണങ്ങൾ ഏർപ്പെടുത്തി 2018 ഏപ്രിൽ മാസത്തിൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവ് നിലവിൽ പ്രാബല്യത്തിലുമാണ്. എന്നാൽ പ്രളയത്തിന്റെ പശ്ചാത്തലത്തിൽ സമ്പദ് വ്യവസ്ഥയെ പുനരുജ്ജീവിപ്പിക്കുന്നതിനായി പരമാവധി പണം സമ്പദ്ഘടനയിലേക്ക് ഒഴുക്കുന്നതിന് ആവശ്യമായ നടപടികളാണ് സർക്കാർ കൈക്കൊണ്ടു വരുന്നത്. നടപ്പ് വർഷത്തെ പദ്ധതിയിൽ 20% പൊതുമരാമത്ത്, ജലവിഭവം എന്നീ വകുപ്പുകൾ, വിവിധ വകുപ്പുകൾ നടപ്പിലാക്കുന്ന സ്കോളർഷിപ്പ് സ്കീമുകൾ എന്നിവ ഒഴികെയുള്ള സ്കീമുകളിൽ നിന്നും കുറവ് വരുത്തുന്നതിനും, ഈ തുക റോഡുകളുടെയും കുടിവെള്ള പദ്ധതികളുടെയും പുനഃസൃഷ്ടിക്ക് വിനിയോഗിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. കൂടാതെ പ്രളയത്തിന്റെ പശ്ചാത്തലത്തിൽ പദ്ധതികളുടെ മുൻഗണനാ ക്രമത്തിൽ ഭേദഗതി വരുത്തുവാനും നിശ്ചയിച്ചിരുന്നു. |
| (ബി) | പ്രളയാനന്തരം അനാവശ്യ ചെലവുകൾക്ക് കർശന നിയന്ത്രണം ഏർപ്പെടുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നറിയിക്കാമോ; | |

| | | |
|---|---|---|
| (സി) | G.O (Rt) No.8190/2018/GAD, G.O (Rt) No.8331/2018/GAD പ്രകാരമുള്ള എയർ കണ്ടീഷൻ സിസ്റ്റം വാങ്ങാൻ ധനകാര്യ വകുപ്പ് അനുമതി നൽകിയിട്ടുണ്ടോ; വിശദമാക്കാമോ; | സെക്രട്ടേറിയറ്റ് Annex-I ൽ നേരത്തെ തുടങ്ങിയതും തുടർന്നു വന്നതുമായ നിർമ്മാണ പ്രവൃത്തികളുടെ ഭാഗമായിട്ടാണ് എയർ കണ്ടീഷണറുകൾ സ്ഥാപിച്ചിട്ടുള്ളത്. |
| (ഡി) | പ്രളയാനന്തരം എത്ര കോടി രൂപയുടെ പ്രവൃത്തികൾക്കാണ് അനുമതി നൽകിയത്; പ്രവൃത്തി അനുവദിച്ച തീയതി, തുക, അനുമതി നൽകിയതാർക്ക് തുടങ്ങിയവ പട്ടിക തിരിച്ച് വിശദമാക്കാമോ? | വിവരം ശേഖരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ